**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** **07-07-2022 - ൽ മറുപടിയ്ക്ക്**

**പെട്രോ കെമിക്കൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പതിനായിരം കോടിയുടെ നിക്ഷേപവും പതിനൊന്നായിരത്തിൽ അധികം തൊഴിൽ അവസരങ്ങളും പ്രതീക്ഷിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; | (എ) | അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കൊച്ചി ബി.പി.സി.എൽ. വിൽക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം ആ സ്ഥാപനം മുഖ്യ നിക്ഷേപകരായി ആവിഷ്കരിച്ചിട്ടുള്ള പെട്രോ കെമിക്കൽ പാർക്കിനെ ഏത് തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | കൊച്ചി ബി.പി.സി.എൽ-ൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ (Feed Stock) പെട്രോ കെമിക്കൽ പാർക്കിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് കിൻഫ്രയും ബി.പി.സി.എൽ. ഉം തമ്മിൽ ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. ഇതുപ്രകാരം അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനും, ആവശ്യമായ സംരംഭകരെ കണ്ടെത്തുന്നതിനും തടസ്സം ഉണ്ടാകില്ലെന്നു കരുതുന്നു. നിലവിൽ തന്നെ ബി.പി.സി.എൽ കൂടാതെ 35 സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ബി.പി.സി.എൽ വിൽക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം പെട്രോ കെമിക്കൽ പാർക്കിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്ന് കരുതുന്നില്ല.<br><br>M/s ബി.പി.സി.എൽ. നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്ന പോളിയോൾസ് പദ്ധതി ഉപേക്ഷിക്കുന്നതിന് ബി.പി.സി.എൽ ബോർഡ് എടുത്ത തീരുമാനം റദ്ദാക്കണമെന്നും ടി പദ്ധതി തുടരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു.മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിക്ക് 20-02-2022-ൽ കത്ത് അയച്ചിട്ടുണ്ട്. എന്നാൽ പോളിയോൾസ് പദ്ധതിക്ക് പകരമായി പോളിപ്രൊപ്പിലിൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി ബി.പി.സി.എൽ. അറിയിച്ചിട്ടുള്ളതും ടി പദ്ധതി പെട്രോ കെമിക്കൽ പാർക്കിലെ സംരംഭങ്ങൾക്ക് കൂടുതൽ പ്രയോജനകരമാണെന്നും അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പെട്രോ കെമിക്കൽ വ്യവസായങ്ങളുടെ അസംസ്കൃത വസ്തുക്കളുടെ നിർമ്മാണം ലക്ഷ്യമിട്ടുകൊണ്ട് 2019-ൽ തറക്കല്ലിട്ട പതിനൊന്നായിരത്തി ഒരുനൂറ്റി മുപ്പതു കോടി രൂപയുടെ പോളിയോൾസ് പദ്ധതിയിൽ നിന്ന് ബി.പി.സി.എൽ. പിന്മാറിയത് പെട്രോ കെമിക്കൽ പാർക്കിനെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; വിശദമാക്കാമോ? | (സി) | കൊച്ചി ബി.പി.സി.എൽ-ൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ (Feed Stock) പെട്രോ കെമിക്കൽ പാർക്കിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് കിൻഫ്രയും ബി.പി.സി.എൽ. ഉം തമ്മിൽ ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. ഇതുപ്രകാരം അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനും, ആവശ്യമായ സംരംഭകരെ കണ്ടെത്തുന്നതിനും തടസ്സം ഉണ്ടാകില്ലെന്നു കരുതുന്നു. നിലവിൽ തന്നെ ബി.പി.സി.എൽ കൂടാതെ 35 സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ബി.പി.സി.എൽ വിൽക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം പെട്രോ കെമിക്കൽ പാർക്കിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്ന് കരുതുന്നില്ല.<br><br>M/s ബി.പി.സി.എൽ. നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്ന പോളിയോൾസ് പദ്ധതി ഉപേക്ഷിക്കുന്നതിന് ബി.പി.സി.എൽ ബോർഡ് എടുത്ത തീരുമാനം റദ്ദാക്കണമെന്നും ടി പദ്ധതി തുടരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു.മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിക്ക് 20-02-2022-ൽ കത്ത് അയച്ചിട്ടുണ്ട്. എന്നാൽ പോളിയോൾസ് പദ്ധതിക്ക് പകരമായി പോളിപ്രൊപ്പിലിൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി ബി.പി.സി.എൽ. അറിയിച്ചിട്ടുള്ളതും ടി പദ്ധതി പെട്രോ കെമിക്കൽ പാർക്കിലെ സംരംഭങ്ങൾക്ക് കൂടുതൽ പ്രയോജനകരമാണെന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ